പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2839 — 09.05.2017 ൽ മറുപടിക്ക്

## റോഡപകടങ്ങളുടെ എണ്ണത്തിലെ കുറവ്

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ദേശീയ പാതയോരത്തെ മദ്യ വില്പനശാലകൾ അടച്ചു പൂട്ടിയതിന്റെ പശ്ചാത്തലത്തിൽ, റോഡപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ?<br>(ബി) എങ്കിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (എ) &<br>(ബി) | 2017-ലെ ആദ്യ മൂന്ന് മാസങ്ങളിൽ തന്നെ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് വാഹനാപകടങ്ങളുടെയും തന്മൂലമുള്ള മരണങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.<br><br>മൊത്തം അപകടങ്ങൾ ജനുവരി മുതൽ മാർച്ച് 2016 വരെ - 10393.<br>മൊത്തം അപകടങ്ങൾ ജനുവരി മുതൽ മാർച്ച് 2017 വരെ - 9761.<br><br>ദേശീയ പാതയോരത്തെ മദ്യ വില്പനശാലകൾ അടച്ചു പൂട്ടിയത് 2017 മാർച്ച് മാസം 31-ാം തീയതിയാണ്. 2017 മാർച്ച് മാസത്തെ അപേക്ഷിച്ച് , 2017 ഏപ്രിൽ മാസത്തിൽ റോഡപകടങ്ങളിൽ ഏകദേശം 1.86 ശതമാനത്തിന്റെ കുറവുണ്ടായിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു . |

SRK.

സെക്ഷൻ ഓഫീസർ